(ബി) 4184 വീടുകൾ ഭാഗികമായും 515 വീടുകൾ പൂർണ്ണമായും തകർന്നു.

(സി) 33874 കുടുംബങ്ങളെ ബാധിച്ചു.

(ഡി) പ്രകൃതിക്ഷോഭംമൂലം മരണമടയുന്ന മുതിർന്ന ആളുകളുടെ കുടുംബത്തിന് 30,000 രൂപ വീതവും പൂർണ്ണമായി തകർന്ന വീട് പുനർനിർമ്മിക്കുന്നതിനായി 15,000/- രൂപ മൂന്നു ഗഡുക്കളായും, ഭാഗികമായി നാശം വന്ന വീടുകൾക്ക് നഷ്ടതോതനുസരിച്ച് പരമാവധി 5,000/- രൂപ വരെയും. പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിയിൽ ചികിത്സ ലഭ്യമല്ലെങ്കിൽ പരമാവധി 1,500/- രൂപ വരെയും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നൽകിവരുന്നു. പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെട്ട് ദുരിതം അനുഭവിക്കുന്നവരെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ മാറ്റിപാർപ്പിച്ച് അവർക്ക് അവിടെ ആഹാരവും മറ്റും നൽകിയിട്ടുണ്ട്. കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല, കാർത്തികപ്പള്ളി താലൂക്കുകളിലെ ദാരിദ്ര്യമേഖലയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ഏതാനും കുടുംബങ്ങൾക്കും ജില്ലാ കളക്ടർമാർ സൗജന്യറേഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പൊൻമുടി, ബോണക്കാട് എന്നീ തോട്ടം മേഖലയിൽ ദുരിതമനുഭവിക്കുന്നവർക്കും ഒരാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്.

89 (613) കാലവർഷക്കെടുതിയിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചു എന്നും എത്രപേർക്ക് പരിക്കുപറ്റി എന്നും വ്യക്തമാക്കുമോ;

(ബി) മരിച്ചവരുടെ കുടുംബങ്ങൾക്ക് ന്യായമായ ദുരിതാശ്വാസ തുക നൽകാനും പരിക്കേറ്റവർക്ക് ചികിത്സാ സഹായം നൽകുവാനും എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 31 പേർക്ക് ജീവഹാനി സംഭവിച്ചു. 45 പേർക്ക് പരിക്കുപറ്റി.

(ബി) പ്രകൃതിക്ഷോഭം മൂലം മരണമടയുന്ന മുതിർന്ന ആളുകളുടെ കുടുംബത്തിന് 30,000/- രൂപ വീതവും കുട്ടികളുടെ കുടംബത്തിന് 10,000/- രൂപ വീതവും പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിക്ക് പുറത്ത് ചികിത്സവേണ്ടിവന്നാൽ പരമാവധി 1,500/- രൂപ വരെയും നൽകാൻ ജില്ലാകളക്ടർമാർക്ക് നിലവിൽ നിർദ്ദേശമുണ്ട്. കൂടാതെ മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50,000/- രൂപ കൂടി അനുവദിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നേരിട്ട് അന്വേഷണം നടത്തി അർഹതായവർക്ക് ധനസഹായം അനുവദിച്ചു നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly